## 552

കാത്തിടുന്നെന്നെ കൺമണിപോലെ കരുണയോടെന്നും പരമേശൻ
ആകയാലിന്നു ആകുലമകന്നു ആനന്ദമായ് പാടും സ്തുതിഗാനം

1 ലംഘനം ക്ഷമിച്ചും പാപങ്ങൾ മറച്ചും ലഭിച്ചെനിക്കാമേൻ ഹല്ലേലുയ്യ!-

2 അരികളെൻ ചുറ്റും അണിനിരന്നാലും ഭയമെനിക്കില്ല ലവലേശം-

3 മരണത്തിൻ നിഴലാം താഴ്‌വരയതിലും
പതറാതെ നിൽക്കും ഞാൻ കൃപയാലെ-

4 അപകടവേളയിൽ ദുർഘടവഴിയിൽ
അരികിലുവൻ നൽതുണയേകാൻ-

5 തീർന്നിടും ഖേദങ്ങൾ അഖിലവുമെന്റെ
പ്രാണപ്രിയനിങ്ങു വരും നാളിൽ-

G.P.